# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 712** **29/05/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**,, പി.ജെ.ജോസഫ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, സി.എഫ്.തോമസ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | കേരളബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്തുവാൻ ശ്രീറാം കമ്മിറ്റിയെ നിയമിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയമിച്ചു. ടാസ്ക്ഫോഴ്സിന്റെ മേൽനോട്ടത്തിൽ റിസർവ്വ് ബാങ്കിന്റെ അനുമതിക്കായി അപേക്ഷിച്ചു.<br>സംസ്ഥാന ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് അപേക്ഷ സമർപ്പിക്കുവാനാണ് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിരുന്നത്.<br>എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും വായ്പ പ്രോഡക്ടുകൾ 01/01/2019 തീയതി മുതൽ ഏകീകരിച്ചു. ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളുടെ സി.എ. ആഡിറ്റ്, മൈഗ്രേഷൻ ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. പുതുതായി ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ശമ്പള പരിഷ്കരണ കമ്മിഷനെ നിയമിച്ചു. ടി കമ്മിഷന്റെ പ്രവർത്തനം നടന്നു വരുന്നു. അനുമതി നല്കിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു.<br>മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ചുകൊണ്ടിരുന്ന വായ്പാ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുമെന്നുള്ള കർഷകരുടെയും ചെറുകിടവ്യാപാരികളുടെയും ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | കേരളബാങ്ക് രൂപീകരണത്തോടെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്കും ചെറുകിട വ്യാപാരികൾക്കും ലഭിച്ച കൊണ്ടിരുന്ന വായ്പ ആനുകൂല്യങ്ങൾക്ക് തടസ്സം നേരിടുകയില്ല. വായ്പ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്. |
| (സി) | വായ്പാഘടനയിൽ ഇടനിലയായി പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകൾ ഈടാക്കുന്ന പലിശയ്ക്ക് കൂടുതൽ മെച്ചമൊന്നും പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ലഭിക്കുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | കേരളബാങ്ക് രൂപീകരണത്തോടെ വായ്പ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറും. ഇത് പ്രാഥമിക സംഘങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നല്കുവാൻ സഹായിക്കും. |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് രൂപീകരണത്തിലൂടെ മൂന്ന് തട്ടിലുള്ള വായ്പാ ഘടനകൊണ്ട് മത്സരാധിഷ്ഠിത സാഹചര്യത്തിൽ സാങ്കേതികമോ സാമ്പത്തികമോ ഘടനാപരമോ ആയ ഒരു ഗുണവും കർഷകർക്ക് ലഭിക്കുന്നില്ലായെന്ന വസ്തുത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കേരളബാങ്ക് രൂപീകരണത്തോടെ വായ്പ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും കർഷകർക്ക് ഗുണമുണ്ടാകുന്നതാണ്. ചെലവ് കുറഞ്ഞതും മെച്ചപ്പെട്ടതുമായ സേവനം പ്രദാനം ചെയ്യാൻ കേരള ബാങ്കിന് കഴിയും. |

സെക്ഷൻ ഓഫീസർ